WEDNESDAY 12/11/2025 ബുധനാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/11/2025

1. കേരള കാർഷിക സർവകലാശാലയിലെ കാർഷിക കോളേജ് തൃശ്ശൂർ വെള്ളാനിക്കരയ്ക്ക് കീഴിലുള്ള തോട്ട സുഗന്ധ വിള വിഭാഗത്തിൽ WCT ഇനത്തിൽ പെട്ട ഗുണമേന്മയുള്ള തെങ്ങിൻ തൈകളും, 3-4 മാസം പ്രായമുള്ള ജാതി തൈകളും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 8921855655, 9400191539 എന്നീ നമ്പറുകളിൽ പ്രവർത്തി ദിവസങ്ങളിൽ ബന്ധപ്പെടുക.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Organic Agricultural Management" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ www.celkau.in എന്ന വെബ് സൈറ്റിലെ **'ഇ-കൃഷി പാഠശാല'** എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷന് ഫോറം പൂരിപ്പിച്ച് സമർപ്പിക്കുക. കോഴ്സ് ആരംഭിക്കുന്ന തിയ്യതി: 2025 നവംബർ 15. പുതിയ രജിസ്ട്രേഷനുകൾ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2025 ഡിസംബർ 15 ന് ശേഷം സ്വീകരിക്കുന്നതല്ല. കൂടുതല് വിവരങ്ങൾ പ്രസ്തുത വെബ് സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ–മെയിൽ ആയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

3. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ലാറ്റക്സ് ഹാർവെസ്റ്റ് ടെക്നോളജി ഡിവിഷനിൽ ജൂനിയർ റിസേർച്ച് ഫെല്ലോ, പ്രൊജകട് അസിസ്റ്റന്റ് എന്നീ താത്കാലിക തസ്തികകളിലേക്ക് അർഹരായവരെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിരുന്ന എഴുത്തുപരീക്ഷയും അഭിമുഖവും **2025 നവംബർ 18–ന് രാവിലെ 9.30 –ലേക്ക് മാറ്റിവെച്ചിരിക്കുന്നു.** കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡിന്റെ വെബ്സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുക.

## പരിശീലന പരിപാടി

4. ക്ഷീരവികസന വകുപ്പിൻ്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2025 നവംബർ 14 മുതൽ 15 വരെ 2 ദിവസങ്ങളിലായി "**സുരക്ഷിതമായ പാലുല്പാദനം**" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 2025 നവംബർ 12 വൈകുന്നേരം 5 മണിക്ക് മുമ്പായി 8089391209, 0476 2698550 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും പരിശീലനത്തിന് എത്തുമ്പോൾ ഹാജരാക്കേണ്ടതാണ് . രജിസ്ട്രേഷൻ ഫീസ് 20 രൂപ.

5. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 2025 നവംബർ 18ന് **"മുയൽ വളർത്തൽ"** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺനമ്പർ 04972-763473.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻെറ ആഭിമുഖ്യത്തിൽ **"ഇറച്ചിക്കോഴി വളർത്തൽ "** എന്ന വിഷയത്തിൽ ഇന്ന് (13/11/2025 ന്) മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0491–2815454. പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിൻെറ പകർപ്പ് കൊണ്ടുവരേണ്ടതുമാണ്.

7. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് നടത്തുന്ന 6 മാസം ദൈർഘ്യമുള്ള **"ബീ-കീപ്പിംഗ് ട്രെയിനിംഗ് കോഴ്സിലേക്ക്"** അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി / തത്തുല്യ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള 18 നും 30 നും ഇടയിൽ പ്രായമുള്ളവർക്ക് (20/11/2025 പ്രകാരം) ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. ഫീസ് 30,000 രൂപ. ഇതിനു പുറമേ ഫീൽഡ് ട്രെയിനിംഗിനു ചെലവാകുന്ന അധിക തുക അപേക്ഷകർ വഹിക്കണം. അപേക്ഷാ ഫീസായി 50 രൂപ ഓൺലൈനായി അടയ്ക്കണം. നവംബർ 20 നകം അപേക്ഷ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ 9747321760, Mail ID- khadi.kerala.gov.in.

**കാർഷിക നിർദേശം**

തെങ്ങിന്റെ മണ്ടരി ബാധ കണ്ടുതുടങ്ങുന്ന സമയമാണ്. പ്രതിവിധിയായി 1% വേപ്പിൻസത്തടങ്ങിയ കീടനാശിനികൾ 4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി ഇളം കുലകളിൽ തളിക്കുക. വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം സോപ്പുമായി ചേർത്ത് ലായനിയാക്കി തളിക്കാവുന്നതുമാണ്. 20 മില്ലി വേപ്പെണ്ണ, 20 ഗ്രാം വെളുത്തുള്ളിയുടെ നീര്, 5 ഗ്രാം സോപ്പ് എന്നിവ ഒരു ലിറ്റർ വെള്ളത്തിൽ എന്നതാണ് അളവ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം